(ഡി) കയർ വ്യവസായത്തിൽ മിനിമം എക്സ്പോർട്ട് പ്രൈസ് (എം. ഇ.പി) ഘട്ടം ഘട്ടമായി നിർത്തലാക്കണമെന്ന ശുപാർശ കേന്ദ്രസർക്കാർ പരി ശോധിക്കുന്നുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇതുവരെ ഇക്കാര്യത്തിൽ തീരുമാനമെടുത്തതായി അറിയില്ല.

(ഇ) കയറിന്റെ മിനിമം എക്സ്പോർട്ട് പ്രൈസ് നിലനിർത്തിക്കേണ്ട തുണ്ടോയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കയർബോർഡ് ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് റിസർച്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ റിപ്പോർട്ടിൽ എം.ഇ.പി. ഘട്ടംഘട്ടമായി നിർത്തലാക്കണം എന്നാണ് ശുപാർശ ചെയ്തി ട്ടുള്ളത്. എന്നാൽ എം.ഇ.പി. നിലനിർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

13 (*129) ജനകീയാസൂത്രണ പദ്ധതിയുടെ ഭൗതിക നേട്ടം വിലയിരുത്തൽ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നടപ്പിൽ വന്നതിനുശേഷമുള്ള ഭൗതിക നേട്ടം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ വിശദമായ വിലയിരുത്തൽ എപ്പോഴുണ്ടാ കുമെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് ചെലവഴിക്കുന്ന പണം കുറ്റമറ്റരീതിയിൽ തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഇപ്പോൾ ഏർപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തന ങ്ങൾ പ്രത്യേകിച്ചും കൃഷി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടെയുള്ളവരുടെ മോണി റ്ററിംഗ് ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഇ) മോണിറ്റിംഗ് നടത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വകു പ്പുകൾക്കുകൂടി നൽകുന്നകാര്യം പരിഗണിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, പെർഫോർമെൻസ് ആഡിറ്റ്, ധനകാര്യ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റേയും പരി ശോധന എന്നിവ മുഖേന ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് ചെലവഴി ക്കുന്ന പണം കുറ്റമറ്റരീതിയിൽതന്നെയാണ് വിനിയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നു. കൂടാതെ ട്രൈബ്യൂണലുകളും 'ഓംബുഡ്സ്മാനും' ഏർപ്പെടു ത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനകീയാസൂത്രണത്തിലെ ഓരോ പ്രോജക്റ്റിലും അതതുപ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി മോണിറ്റർ ചെയ്യാനുള്ള സംവിധാനത്തെകുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓരോ വിഷയത്തിലേയ്ക്കും കർമ്മ സമിതികൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നു.

(ഇ) ഇപ്പോൾ തന്നെ അതിനുള്ള സംവിധാനം നിലവിലുണ്ട്.

14 (*130) കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കാലത്ത് മഴയും വെള്ളപ്പൊക്കവും മൂലം എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി;

(ബി) ആകെ എന്ത് തുകയ്ക്കുള്ള നാശനഷ്ടങ്ങൾ ഉണ്ടായി; എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കേറ്റു;

(സി) മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായം നൽകി;

(ഡി) കൃഷിക്കു നാശനഷ്ടം സംഭവിച്ചവർക്ക് ഒട്ടാകെ എന്ത് തുക നഷ്ടപരിഹാരമായി നൽകി?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) കാലവർഷക്കെടുതികൾ മൂലം 151 പേർക്ക് ജീവഹാനി സംഭവിച്ചു. 163 പേർക്ക് പരിക്കേറ്റു, 1846 വീടുകൾ പൂർണ്ണമായും 21170 വീടുകൾ ഭാഗികമായും നശിച്ചു. കൃഷിനാശം മൂലമുള്ള നഷ്ടം 28.35 കോടി രൂപയുടേതെന്നു കണക്കാക്കുന്നു. വിവിധ മേഖലകളിലായി ആകെ 86.24 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി) 21-10-1999-ന് അവസാനിച്ച തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ മരണമടഞ്ഞ മുതിർന്ന ആളിന്റെ കുടുംബത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 30,000/- രൂപ വീതം നൽകിയിട്ടുണ്ട്. കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും നൽകിയിട്ടുണ്ട്. 22-10-1999-ന് ആരംഭിച്ച് വടക്കു കിഴക്കൻ കാലവർഷത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിനും വ്യവസ്ഥ പ്രകാരം 30,000/- രൂപ നൽകുവാനും ഉത്തരവായിട്ടുണ്ട്. പരിക്ക് പറ്റിയവർക്ക് സർക്കാർ ആശുപത്രിയിൽ ചികിത്സ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപ വരെയും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ആകെ 330 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 112.54 ലക്ഷം രൂപ ധനസഹായമായി നൽകിക്കഴിഞ്ഞു.

15 (*131) കയറുൽപ്പന്നങ്ങളുടെ തറവില

ശ്രീ. ജി. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ കയറ്റുമതി ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly